'Thy love is my portion'

1 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
ആദ്യന്തമില്ലാത്തെൻ നിക്ഷേപമിതേ
ഈ ലോകം ഉണ്ടാകുന്നതിൻ മുമ്പിലും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

2 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
അനാഥരായ് വിട്ടില്ല നിൻ ശിഷ്യരെ
നിൻ കൂട്ടായ്മപോലില്ലോർ ആനന്ദവും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

3 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
നിൻസ്നേഹമെല്ലാറ്റിലും മാധുര്യമേ
വൃഥാ ലോകയിമ്പവും ഉല്ലാസവും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

4 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
ഒർ മാറ്റവും ഇല്ല നിന്നിൽ പ്രിയനേ
എൻ വിശ്വസ്തൻ നീ സർവ്വകാലത്തിലും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

5 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
മഹാപ്രളയങ്ങളാൽ ഈ ജ്വാലയെ
അസാദ്ധ്യം കെടുക്കുവാൻ ആർക്കെങ്കിലും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

6 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
ഞാൻ ശങ്കിക്കുന്നില്ല നിൻ ശാസനയെ
വൻശോധനയിങ്കലും ഞാൻ പുകഴും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

7 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
എന്നിൽ എന്തു കണ്ടു നീ സുന്ദരനേ
ഉണ്ടായില്ലെന്നിലൊരു സൗന്ദര്യവും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

8 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
നിൻ ദാസന്റെ സ്നേഹത്തിൻ അൽപ്പതയെ
ദൈവാത്മാവു കാണിക്കും നേരത്തിലും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും

9 നിൻസ്നേഹം എൻ പങ്കു എൻരക്ഷകനേ
എൻ വാടിപ്പോകാത്തവകാശം ഇതേ
ഈ ഭൂമിയിലും നിത്യം സ്വർഗ്ഗത്തിലും
നിൻസ്നേഹം എൻ പങ്കും... (3) എൻ ആശ്വാസവും